DESPATCHED
On. 24-06-20
20/1/12

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 2142(7)/2013/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 14102/എസ്.ഐ.സി-ജി 6/13)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.റ്റി.ഡി.ജോസഫ് ,
"Joys" ഹൈസ്കൂൾ റോഡ്,
വാണിയമ്പലം പി.ഒ., മലപ്പുറം ജില്ല,
പിൻ – 679 339. } **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലി.,
കിസ്സാൻ ജ്യോതി, ഫോർട്ട്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലി.,
കിസ്സാൻ ജ്യോതി, ഫോർട്ട്, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.07.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.08.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | – |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 03.10.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 07.10.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 23.10.2023 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീല അധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.റ്റി.ഡി.ജോസഫ്, 03.10.2013ന് സമർപ്പിച്ച അപ്പീൽ ഹർജി

07.10.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2142(7)/13/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടതു പ്രകാരം തുക ഒടുക്കി രസീത് ഹാജരാക്കിയെങ്കിലും പകർപ്പുകൾ ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 15.07.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 17.08.2013ന് നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ 7 പേജുണ്ടെന്നും പേജൊന്നിന് 2/- രൂപാ നിരക്കിൽ 14/- രൂപ ഒടുക്കി രസീത് ഹാജരാക്കണമെന്നുമാണ്.

4. 25.11.2013ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ 18.07.2013ന് ടി ഓഫീസിൽ ലഭിക്കുകയും 17.08.2013ന് പകർപ്പു ഫീസായി 14/- രൂപ ഒടുക്കാൻ നിർദ്ദേശിച്ച് മറുപടി നൽകിയെന്നുമാണ്. ഹർജിക്കാരൻ ഫീസൊടുക്കിയതായുള്ള രേഖ 06.09.2013ന് ടി ഓഫീസിൽ ലഭിച്ചെങ്കിലും ടിയാന്റെ അപേക്ഷയിലെ 2, 4 എന്നീ ഇനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ കണ്ടുകിട്ടിയില്ലെന്നും വിശദമായ തെരച്ചിൽ നടത്തിയിട്ടും ആയത് ലഭ്യമായില്ലെന്നുമാണ്. കൂടാതെ ടിയാന്റെ അപേക്ഷാ കാലഘട്ടത്തിലെ എസ്.പി.ഐ.ഒ. അസുഖബാധിതനായി ആശുപത്രിയിലായിരുന്നെന്നും ആയതിന്റെ രേഖകൾ ഹാജരാക്കി കമ്മീഷനെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും ഹർജിക്കാരന് വിവരങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാൻ ഒടുക്കിയ തുകയായ 14/- രൂപ ചെക്കായി ടിയാന് മടക്കി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 20-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)